# പറമ്പിലെ പാഴ്മരങ്ങൾ

പടി തുറക്കുന്ന ശബ്ദം കേട്ട് പൂമുഖത്തേയ്ക്കു ചെന്നപ്പോൾ ഗേറ്റിൽ ഒരു സൈക്കിൾ. പടി തുറന്ന് മുറ്റത്തേയ്ക്കു വരികയാണ് ഒരു മദ്ധ്യവയസ്കൻ. എന്നെ കണ്ടപ്പോൾ മുഖത്ത് നിറഞ്ഞ ചിരി.

''വല്ലച്ചെറേന്നാണ്,'' അയാൾ പറഞ്ഞു. ''ജോൺസൺ. ഇവിടെ കുറച്ച് മരങ്ങള് കൊടുക്കാനുണ്ടെന്നു കേട്ടു.''

മരങ്ങൾ അന്വേഷിച്ച് രണ്ടാഴ്ചയ്ക്കിടയിൽ ഇത് മൂന്നാമത്തെ ആളാണ് എത്തിയിരിയ്ക്കുന്നത്. ആദ്യത്തെ ആൾ പാഴ്മരമുണ്ടോ എന്നു ചോദിച്ചാണ് വന്നത്. ഇല്ല എന്ന എന്റെ മറുപടി കേട്ട് അയാൾ പറഞ്ഞു: ''തെക്കേ പറമ്പില് രണ്ട് വാകേണ്ട്. പൊഴേടെ വക്കത്ത് ഒരു വെൺതേക്കും കൊറച്ചങ്ങട് വടക്കോട്ടു നീങ്ങ്യാ മൂന്നാല് ഉങ്ങും ഉണ്ട്.''

എന്റെ പറമ്പിൽ ഉള്ള പാഴ്മരങ്ങളേപ്പറ്റി എന്നേക്കാൾ വിവരം ഇയാൾക്കാണല്ലോ എന്ന് അത്ഭുതപ്പെടുമ്പോൾ അയാൾ തുടർന്നു: ''പടിഞ്ഞാറെ വളപ്പിൽ മഹാഗണീടെ രണ്ട് തയ്യ് പിടിച്ചിട്ടുണ്ട്. അതിപ്പൊ നോക്കണ്ട. പക്ഷേ പാഴ്മരങ്ങൾ വെച്ചുകൊണ്ടിരിയ്ക്കണ്ട. അതൊക്കെ നമുക്ക് കൊടുക്കാം.''

അപ്പോൾ തീരുമാനവും കഴിഞ്ഞിരിയ്ക്കുന്നു. ചിരി അമർത്താൻ പണിപ്പെട്ട് ഞാൻ പറഞ്ഞു: ''ഇപ്പോൾ ഒന്നും കൊടുക്കുന്നില്ല.''

പൊളി നിഷേധ്യമായവരുടെ പട്ടികയിൽ വക്കീലന്മാർക്കും വൈദ്യന്മാർക്കുമൊപ്പം മരക്കച്ചവടക്കാർ ഇല്ലാത്തതുകൊണ്ട് പിന്നീടു വന്ന ആളോട് കൊടുക്കുന്നില്ല എന്നു മാത്രം പറഞ്ഞ് ഒഴിഞ്ഞു.

പറമ്പിൽ പാഴ്മരങ്ങൾ പലതും ഉണ്ടെന്ന് അറിയാഞ്ഞിട്ടല്ല. എന്തു വില പറയണം എന്നറിയാത്തതുകൊണ്ടാണ് ഈ ഒഴിഞ്ഞുമാറ്റം. നാലു കൊല്ലം മുമ്പ് ഈനാശു എന്ന കച്ചവടക്കാരൻ കുറച്ച് വാകമരങ്ങൾ വാങ്ങാൻ വന്നിരുന്നു. എന്തു വില പറയണം എന്ന് ഒരെത്തും പിടിയുമുണ്ടായിരുന്നില്ല. അഞ്ചെണ്ണമുണ്ട്. ഇരുന്നൂററുറുപ്പിക വെച്ച് ആകെ ആയിരം എന്ന് ഒരു കമ്മച്ചം പറഞ്ഞു. ഈനാശു ചിരിച്ചു. ''ഞാൻ ഒരറുന്നൂറു രൂപയാണ് കണ്ടിരിയ്ക്കുന്നത്. ഇനി നിങ്ങൾക്ക് നഷ്ടം വരണ്ട. നമ്മക്ക് എഴുന്നൂറ്റമ്പതിന് ഉറപ്പിയ്ക്കാം.'' മുറിച്ചുകൊണ്ടുപോയത് അഞ്ചിനു പകരം ആറെണ്ണം. വാക മുറിയ്ക്കാനുള്ള യന്ത്രം പ്രവർത്തിപ്പിയ്ക്കാനുള്ള കറന്റ് വീട്ടിൽനിന്നു തന്നെ എടുത്തതിന്റെ ലാഭം വേറെ. അത് മരംമുറിക്കാരുടെ അവകാശമാണത്രേ.

ലാഭകരമായ കച്ചവടം ചെയ്ത് പുളകം കൊണ്ട് ഇരിയ്ക്കുമ്പോഴാണ് നമ്പീശന്റെ വരവ്. കച്ചവടത്തേപ്പറ്റി പറഞ്ഞപ്പോൾ അയാൾ ദേഷ്യപ്പെട്ടു: ''എന്നോടൊന്നു ചോദിയ്ക്കായിരുന്നില്ല്യേ തനിയ്ക്ക്? വാകയ്ക്കൊക്കെ ഇപ്പൊ എന്താ വെല എന്നാ വിചാരം? കഷ്ടം!''

എനിയ്ക്കതു വിശ്വാസമായില്ല. വാകയൊന്നും ആർക്കും വേണ്ടെന്നും വിറകിന്റെ വില പോലും കിട്ടില്ലെന്നുമാണ് ഈനാശു പറഞ്ഞത്. ''ഇപ്പൊ ആരും പണ്ടത്തേപ്പോലെ വെറകൊന്നും ഉപയോഗിയ്ക്ക്ണ്ല്യ. ഇവിടത്തെ കോളനീല് പോയി നോക്കീട്ട്ണ്ടോ? എല്ലാ വീട്ടിലും ഗ്യാസാണ്. പിന്നെ മരം മുറിയ്ക്കാനൊക്കെ ഇപ്പൊ എന്താ കൂലി! എഴുന്നൂറ് കൊടുത്താലും ആളെ കിട്ടാനില്ല. മരക്കമ്പനീല് പോയാലോ. മരത്തിനു പകരം അവര് നമ്മളെയാണ് അറക്കുക. ഇതൊക്കെ കഴിഞ്ഞിട്ട് വേണം നമ്മക്ക് കഞ്ഞിയ്ക്കുള്ള കാശ് കിട്ടാൻ. വല്യെ ലാഭം ഒന്നും ഉണ്ടായിട്ടല്ല. പിന്നെ വെറുതെ ഇരിയ്ക്കണ്ടല്ലോ എന്ന് വിചാരിച്ചിട്ടാണ് ഇത് കൊണ്ടു നടക്കണത്. അപ്പനായി തുടങ്ങി വെച്ചതല്ലേ!''

ഈനാശുവിന്റെ അച്ഛൻ പൊറിഞ്ചു പണ്ടേ മരം വാങ്ങാൻ വരാറുണ്ട്. അന്നു പിന്നെ കാര്യങ്ങൾ നോക്കാൻ അച്ഛനുണ്ടായിരുന്നു. അച്ഛനും പൊറിഞ്ചുവും കൂടി പറമ്പ് മുഴുവൻ നടന്നു നോക്കും. ''ഇദ് രണ്ടു കൊല്ലം കൂടി കഴിഞ്ഞിട്ടുമതി മാഷേ,'' ഉങ്ങ് തൊട്ടുകൊണ്ട് പൊറിഞ്ചു പറയും. ''അപ്ലയ്ക്കേ ആവുള്ളു.'' അച്ഛനും എല്ലാത്തിനേയും കുറിച്ച് നല്ല ധാരണയായിരുന്നു. പൊറിഞ്ചുവും അച്ഛനും തമ്മിൽ എന്തോ ഒരു രാശിപ്പൊരുത്തവുമുണ്ടായിരുന്നു.

അച്ഛൻ കിടപ്പായതോടെയാണ് പറമ്പിലെ വിഭവങ്ങളേക്കുറിച്ച് ആലോചിയ്ക്കുന്നത്. ഉപദേശവുമായി ധാരാളം ആളുകൾ വന്നു. ഇത്രയധികം ഭൂമിയുണ്ടായിട്ടെന്താ? വല്ല ഫലവുമുണ്ടോ? കേറ്റവും ഇറക്കവുമായി കിടക്കുകയല്ലേ? എന്നോടൊന്നു പറഞ്ഞാൽ മതി. മണ്ണിന് ഇപ്പൊ നല്ല ഡിമാന്റാണ്. ചുരുങ്ങീത് ഒരു അമ്പതു ലോഡ് കിട്ടും. എല്ലാം നിരപ്പാക്കിത്തരാം.

കൃഷിയുടെ ഉപദേശികളും ഉണ്ടായിരുന്നു. ഈ മാവും പ്ലാവും ഉണ്ടായിട്ടൊന്നും ഒരു കാര്യവുമില്ല. എല്ലാം മുറിച്ചു വിൽക്കണം. എന്നിട്ട് റബ്ബറ് വെയ്ക്കാം. ആറേഴു കൊല്ലം കുറച്ച് കാശ് ഇറക്കണമെന്നേയുള്ളു. പിന്നെ വരവാണ്. നിങ്ങൾ വെറുതെ ഇരുന്നാൽ മതി. ജീവിയ്ക്കാൻ വേറെ ഒന്നും വേണ്ട.

ഭൂമിയുടെ ഭാരം ചുമലിൽ വീഴാൻ പോവുന്നത് ഭീതിയോടെയാണ് അറിഞ്ഞത്. മാടമ്പ് കുഞ്ഞുക്കുട്ടന്റെ അവിഘ്നമസ്തു എന്ന നോവലിലെ ഏട്ടനേപ്പോലെയായിരുന്നു ഞാൻ. (സോപ്പു വേണലോ, അന്യേൻ വരട്ടെ; ഈ പറമ്പ് കൊടുക്കോ, അന്യേൻ വരട്ടെ.)

അച്ഛനുള്ളതുകൊണ്ട് തീരുമാനമെടുക്കാനൊക്കെ ആളുണ്ടല്ലോ എന്ന മറുപടി കേട്ട് ഉപദേശികൾ ചിരിച്ചു. ഇനി അച്ഛനോടൊന്നും ചോദിയ്ക്കണ്ട. വയസ്സ് പത്തെൺപത്തെട്ടായില്ലേ? ഇനി വല്ല്യെ ഈടൊന്നും ഉണ്ടാവില്ല.

ഉപദേശികളുടെ കണക്കുകൂട്ടൽ തെറ്റി. ആറു മാസത്തോളം നീണ്ടുനിന്ന ബോധാബോധസഞ്ചാരത്തിനു ശേഷം അച്ഛൻ ജീവിതത്തിലേയ്ക്കു തിരിച്ചുവന്നു. അച്ഛന്റെ സ്വഭാവത്തിനു തീരെ നിരക്കാത്ത നൂറു നൂറു ശാഠ്യങ്ങളോടെയായിരുന്നു തിരിച്ചുവരവ്. ആദ്യം ആവശ്യപ്പെട്ടത് ബാങ്ക് പാസ്സ് ബുക്ക് ആണ്. അതു തുറന്നു നോക്കിയപ്പോൾ സംശയം പിടികൂടി. ബാലൻസ് ഇത്രയ്ക്കു കുറയാൻ എന്താണ് കാരണം? എന്തായിരുന്നു ഇത്രയധികം ചെലവ്? ചികിത്സയേപ്പറ്റിയൊന്നും അച്ഛന് അറിയുമായിരുന്നില്ല. പണത്തേപ്പറ്റി വേവലാതിയായി. അച്ഛൻ പൊറിഞ്ചുവിനെ വിളിച്ചുവരുത്തി. തെക്കേ പറമ്പിലെ പ്ലാവ് എന്തു വിലയ്ക്ക് എടുക്കാം?

താനിപ്പോൾ കച്ചവടമൊക്കെ നിർത്തിയെന്നും മകനാണ് കാര്യങ്ങൾ നോക്കുന്നതെന്നും പൊറിഞ്ചു അറിയിച്ചു. മകനെ കൂട്ടിക്കൊണ്ടു വന്നു. ഈനാശു പ്ലാവ് പരിശോധിച്ചു. ഇരുപത്തയ്യായിരത്തിന് കരാറായി. ആയിരം ഉറുപ്പിക അച്ഛന്റെ കയ്യിൽ അച്ചാരം കൊടുത്ത് അയാൾ പോയി.

മരത്തേക്കുറിച്ച് ഒരു വിവരവുമില്ലാത്ത എനിയ്ക്കു തന്നെ കാര്യം പന്തിയായില്ല എന്നു തോന്നി. വൈകാതെ ബന്ധുസന്ധുക്കൾ ഇടപെട്ടു. എന്താ പ്ലാവിന്റെ വലിപ്പം! ചുരുങ്ങിയത് അമ്പതിനായിരമെങ്കിലും വില മതിയ്ക്കുന്ന അതിന് ഇരുപത്തയ്യായിരമോ? അച്ഛന് ബോധമില്ലാത്തതല്ലേ? അതു പറഞ്ഞാൽ പൊറിഞ്ചുവിന് മനസ്സിലാവില്ലേ? തന്ന ആയിരം മടക്കിക്കൊടുത്ത് കാര്യം പറയണം. അച്ഛനെ അറിയാവുന്നതുകൊണ്ട് പൊറിഞ്ചുവിന് കാര്യം മനസ്സിലായി. പക്ഷേ ഈനാശുവിനെ കാര്യം പറഞ്ഞു മനസ്സിലാക്കാൻ കുറച്ചു ഞെരുങ്ങി. അതിന്റെ പേരിൽ അപ്പനും മകനും കുറച്ച് വാക്കു തർക്കമുണ്ടായി. ഒടുവിൽ മനസ്സില്ലാമനസ്സോടെ ഈനാശു പണവും കൊണ്ട് മടങ്ങി.

ആ പ്ലാവിന്റെ കഥയോ? ആ പറമ്പ് ഇതിനകം കൈമാറിപ്പോയിരുന്നു. പാറളം പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള ശുദ്ധീകരണപ്ലാന്റിനുള്ള അമ്പതു സെന്റിൽ അതു പെട്ടു. മരങ്ങൾ മുറിച്ചുകൊള്ളാൻ പഞ്ചായത്ത് പ്രസിഡണ്ട് പറഞ്ഞു. അതുകൊണ്ട് തിരക്കിട്ട് പ്ലാവ് മുറിച്ചെടുത്തു. അത് പടുമുറിയായിപ്പോയതുകൊണ്ട് മരക്കമ്പനിക്കാർ പിൻവാങ്ങി. വേറെ ആരും വാങ്ങാൻ വന്നതുമില്ല. രണ്ടു കൊല്ലം മഴയും വെയിലും കൊണ്ട് കിടന്ന മരം പിന്നീട് ഒരാൾ ഇരുപതിനായിരം ഉറുപ്പികയ്ക്ക് വാങ്ങിക്കൊണ്ടുപോയി. മുറിയ്ക്കാനുള്ള കൂലിയും മറ്റും കയ്യിൽനിന്നു പോയത് ലാഭം. അതോടെ മരക്കച്ചവടം എനിയ്ക്ക് ഒരു പേടിസ്വപ്നമായി.

മൂന്നേക്കറോളം വരുന്ന പറമ്പിൽ അധികവും മാവും കശുമാവും പ്ലാവുമായിരുന്നു. ജോലിയിൽനിന്നു വിരമിച്ചപ്പോൾ അച്ഛൻ പറമ്പ് ഒരു പരീക്ഷണത്തിനു വിധേയമാക്കി. കശുമാവുകളെല്ലാം മുറിച്ചുമാറ്റി. അവിടെയൊക്കെ തെങ്ങുവെച്ചു അച്ഛൻ. മാവും പ്ലാവും നിലനിർത്തി. തേക്ക് വെച്ചു. പുഴക്കരയിൽ ജാതി വെച്ചുപിടിപ്പിച്ചു. ഇഞ്ചിയും മഞ്ഞളും മരക്കിഴങ്ങും നട്ടു. പറമ്പിൽ കണ്ടമെടുത്ത് നെൽക്കൃഷിയിറക്കി. മോട്ടോർ വെച്ച് പുഴയിൽനിന്ന് വെള്ളമെടുത്ത് പറമ്പ് ലോപമില്ലാതെ നനച്ചു.

നെൽക്കൃഷി ഒരു പൂവേ ചെയ്തുള്ളു. വേണ്ടത്ര മെച്ചമായില്ല. പക്ഷേ ജാതി പിടിച്ചു. തെങ്ങും കായ്ച്ചു തുടങ്ങി. വേനൽക്കാലത്ത് മാങ്ങയും ചക്കയും സുലഭം. എന്നിട്ടും കശുമാങ്ങയുടെ മണം നിറഞ്ഞുനിന്നിരുന്ന ആ കുട്ടിക്കാലം ഓർമ്മിച്ച് ഞാൻ ദുഃഖിച്ചു. അണ്ടി വിറ്റ് അത്യാവശ്യം പോക്കറ്റ് മണി ഉണ്ടാക്കാറുള്ളതാണ്.

ഈ മരങ്ങൾക്കിടയ്ക്കാണ് പാഴ്മരങ്ങളുടെ നിൽപ്പ്. ആനപ്പനയും ആഞ്ഞിലിയും ഉങ്ങും ഉഴുതനണ്ടിയും വാകയും വെൺതേക്കും. പലതിന്റേയും പേരു പോലും അറിയില്ല. ആരും തിരിഞ്ഞു നോക്കാറില്ല. എന്നാലും വേനൽക്കാലത്ത് അവ തണലും മഴക്കാലത്ത് തോലും തന്നു. ആർക്കും വേണ്ടാത്ത എന്നാൽ എല്ലാവർക്കും വേണ്ടിയുള്ള ജന്മങ്ങൾ. ആ പാഴ്മരങ്ങളാണ് ഇപ്പോൾ കച്ചവടക്കാർ ചോദിച്ചുവരുന്നത്.

''എന്താ ഒന്നും പറഞ്ഞില്ലല്ലോ!'' മുറ്റത്തെ ആളെ ഞാൻ മറന്നുപോയിരുന്നു.

''പാഴ്മരങ്ങൾ ഒന്നും കൊടുക്കുന്നില്ല.''

''ഇല്ലേ?''

''തൽക്കാലം ഇല്ല,'' ഞാൻ വീണ്ടും പറഞ്ഞു.

''കൊടുക്കാൻ തീരുമാനിച്ചാൽ എന്നെ വിളിയ്ക്കണം,'' അയാൾ പറഞ്ഞു. ''എന്റെ നമ്പർ എഴുതിയെടുത്തോ.''

അയാൾ ഓരോ അക്കങ്ങളായി പറഞ്ഞുതന്നു. ഞാനത് എന്റെ മൊബൈലിൽ പകർത്തുകയാണെന്നു നടിച്ചു. വിൽപ്പനക്കാരുടെ ചില കള്ളത്തരങ്ങൾ അപ്പോഴേയ്ക്കും ഞാനും പഠിച്ചു കഴിഞ്ഞിരുന്നു.

**(അഷ്ടമൂർത്തി)**